LIBRARY ARCHIVES Kerala Legislative Assembly

സ്വകാര്യപണമിടപാട് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ നിയന്ത്രണം

42 [42] ശ്രീ. തോമസ് ചാഴികാടൻ:

,, കെ. നാരായണക്കുറുപ്പ്:

,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും പ്രവർത്തിക്കുന്ന പണമിടപാട് സ്ഥാപനങ്ങൾ ജനങ്ങളുടെ സ്വകാര്യ ജീവിതത്തിനുപോലും ഭീഷണിയായിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവരുടെ നേതൃത്വത്തിൽ ഗുണ്ടാസംഘങ്ങൾ നടത്തിയ ആക്രമണം സംബന്ധിച്ച് പോലീസിന് പരാതി ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരം എത്ര പരാതികൾ ലഭിച്ചുവെന്ന് അറിയിക്കാമോ;

(ഡി) ഈ പരാതികളിൻമേൽ എന്തു നടപടികൾ സ്വീകരിച്ചുവെന്നറിയിക്കാമോ;

(ഇ) പണമിടപാട് സ്ഥാപനങ്ങളുടെ അക്രമ പ്രവർത്തനം കർശനമായി നിയന്ത്രിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) 24 പരാതികൾ ലഭിച്ചിട്ടുണ്ട്.

(ഡി) കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ഇ) കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

സ്വകാര്യ പണമിടപാട് മാഫിയ, വനം മാഫിയ സംഘങ്ങളുടെ ആക്രമണം മൂലം മരണമടഞ്ഞവർ

43 [43] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യപണമിടപാട് മാഫിയ, വനം മാഫിയ സംഘങ്ങളുടെ ആക്രമണത്തിന്റെ ഫലമായി 2003 ഡിസംബർ 31 വരെ എത്രപേർ മരണമടഞ്ഞിട്ടുണ്ട്;

(ബി) ഇതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) സ്വകാര്യ പണമിടപാട് മാഫിയ സംഘങ്ങളുടെ ആക്രമണത്തിന്റെ ഫലമായി മരണമടഞ്ഞവരുടെ ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(ഡി) ഇതു സംബന്ധിച്ച എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇത്തരം സംഘങ്ങളുടെ ആക്രമണംമൂലം ആരും മരണപ്പെട്ടിട്ടില്ല.

(ബി, സി & ഡി) ബാധകമല്ല.

മദ്യമാഫിയ സംഘങ്ങളുടെ ആക്രമണം

44 [44] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2003 ഡിസംബർ 31 വരെ സംസ്ഥാനത്ത് മദ്യമാഫിയ സംഘങ്ങളുടെ ആക്രമണത്തിൽ എത്രപേർ മരണമടഞ്ഞിട്ടുണ്ട്;

(ബി) ഇതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) എത്ര കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഏതെല്ലാം കേസുകളിലെ പ്രതികളാണ് ശിക്ഷിക്കപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഒരാൾ മരണമടഞ്ഞിട്ടുണ്ട്.

(ബി) ഒരു കേസ്, പീച്ചി പോലീസ് സ്റ്റേഷൻ ക്രൈം 266/01.

(സി) പീച്ചി പോലീസ് ക്രൈം 266/01 അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

(ഡി) ശിക്ഷിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly